# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 5877.

8..7..2013-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്ക് ആരോഗ്യ ഇൻഷുറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. കെ.വി. വിജയദാസ്:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. സി.കെ. സദാശിവൻ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് മിൽമ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ, മലബാർ മേഖലാ യൂണിയൻ എന്നിവ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. എന്നാൽ തിരുവനന്തപുരം മേഖലാ യൂണിയനിൽ ടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടില്ല.<br><br>മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലബാറിലെ ആറ് ജില്ലകളിലെ കർഷകർക്കാണ് ഈ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു കുടുംബത്തിലെ ഭാര്യാഭർത്താക്കന്മാർ, മൂന്നു കുട്ടികൾ, മാതാപിതാക്കളടക്കം ഏഴംഗങ്ങളെ വരെ പദ്ധതിയിലുൾപ്പെടുത്തുന്നതിന് പ്രത്യേകം പ്രീമിയം കണക്കാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2013-14 വർഷത്തേക്ക് കുടുംബാംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് 430 രൂപ മുതൽ 800 രൂപ വരെ പ്രീമിയം വരുന്നതാണ്. ഒരംഗത്തിന് 30000 രൂപയും, കുടുംബത്തിന് 50000 രൂപയും വരെ ആനുകൂല്യം ലഭിക്കുന്നുണ്ട്.<br><br>എറണാകുളം മേഖലാ യൂണിയൻ നടപ്പാക്കുന്ന ടി പദ്ധതിയിൽ ഒരു കുടുംബത്തിന് 200 രൂപ നിരക്കിൽ മേഖലാ യൂണിയൻ പ്രീമിയം സബ്സിഡി നല്കിവരുന്നുണ്ട്. |

(ബി) എന്ന് മുതൽക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; എത്ര ക്ഷീരകർഷകർ ഈ സ്കീമിൽ ഉൾപ്പെടും; പ്രതിവർഷം എത്ര തുക ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നു?

(ബി) മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പാക്കുന്ന മെഡി ക്ലെയിം പദ്ധതി 2011-12 മുതൽ നടപ്പാക്കിവരുന്നു. 2013-14 വർഷത്തിലും പദ്ധതി തുടരുന്നുണ്ട്. 3114 ക്ഷീരകർഷകർ ഈ സ്കീമിൽ ഉൾപ്പെടുന്നുണ്ട്. ഈയിനത്തിൽ ഈ വർഷം 312870 രൂപ മേഖലാ യൂണിയൻ പ്രീമിയം സബ്സിഡിയായി നല്കിയിട്ടുണ്ട്.

മിൽമയുടെ മലബാർ മേഖലാ യൂണിയൻ 2008-09 വർഷം മുതൽ തന്നെ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ശരാശരി 65000 അംഗങ്ങൾ ഈ സ്കീമിൽ പെടുന്നുണ്ട്. 1..7..2013 മുതൽ നടപ്പാക്കുന്ന പദ്ധതിക്ക് 124 ലക്ഷം രൂപ പ്രീമിയം നല്കിയിട്ടുണ്ട്. ഇതിൽ ഒരു കുടുംബത്തിന് 200 രൂപ പ്രകാരം 45 ലക്ഷം രൂപ മേഖലാ യൂണിയൻ വിഹിതമാണ്.

സെക്ഷൻ ഓഫീസർ.